A | 612

# സമഗ്രശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2023-2024
## മലയാളം
## അടിസ്ഥാന പാഠാവലി

**ക്ലാസ് : 6** | **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 വായിക്കാം എഴുതാം**

വിദ്യകളെല്ലാം അഭ്യസിച്ച് സന്ന്യാസം സ്വീകരിച്ച ശങ്കരാചാര്യർ കാശിയിലെത്തി. ഒരു ദിവസം ശിഷ്യരൊത്തു മധ്യാഹ്നകർമ്മത്തിനു പോകുമ്പോൾ നാലു നായ്ക്കളുമായി ഒരു ചണ്ഡാളൻ എതിരെ വരുന്നതു കണ്ടു. ഉടനെ ശങ്കരാചാര്യർ 'മാറിപ്പോ' എന്ന് ആക്രോശിച്ചു. " ഈ ഗംഗാജലത്തിലും പുറത്തെ ചെളിക്കുണ്ടിലും നിഴലിക്കുന്നത് ഒരേ സൂര്യനാണല്ലോ. എന്റെ ശരീരത്തിലും അങ്ങയുടെ ശരീരത്തിലും ഒഴുകുന്നത് ഒരേ നിറമുള്ള ചോരയാണല്ലോ. പിന്നെന്തിന് മാറിപ്പോകണം" എന്ന് ചണ്ഡാളൻ തിരിച്ചു ചോദിച്ചു. ഇതുകേട്ട ശങ്കരാചാര്യർ ആ ചണ്ഡാളനു മുന്നിൽ ശിരസ്സുകുനിച്ച് "ഞാൻ അങ്ങയുടെ ശിഷ്യത്വം സ്വീകരിക്കുന്നു" എന്നു പറയുകയുണ്ടായി. ശങ്കരാചാര്യരെ പരീക്ഷിക്കാൻ വേഷപ്രച്ഛന്നനായി വന്ന ശിവൻ ആയിരുന്നത്രേ ആ ചണ്ഡാളൻ.

1. വിദ്യകളെല്ലാം അഭ്യസിച്ച്, സന്ന്യാസം സ്വീകരിച്ച് ശങ്കാരാചാര്യർ എത്തിച്ചേർന്നതെവിടെ?
   (ഗംഗാതീരത്ത്, കാശിയിൽ, ചെളിക്കുണ്ടിൽ)
2. 'മാറിപ്പോ' എന്ന് ശങ്കരാചാര്യർ ആക്രോശിച്ചത് ആരോട്?
   (ശിഷ്യരോട്, നായ്ക്കളോട്, ചണ്ഡാളനോട്)
3. ചണ്ഡാളനോടൊപ്പം ഉണ്ടായിരുന്നതാര്?
   (നായ്ക്കൾ, ശങ്കരാചാര്യർ, ശിഷ്യൻമാർ)
4. എന്തുകൊണ്ടായിരിക്കാം ശങ്കരാചാര്യർ ചണ്ഡാളന്റെ ശിഷ്യത്വം സ്വീകരിച്ചത്?
   (ചണ്ഡാളന്റെ അനുസരണശീലം കണ്ടിട്ട്, ചണ്ഡാളന്റെ വാക്കുകളിലെ സന്ദേശം ഉൾക്കൊണ്ടിട്ട്, നായ്ക്കൾക്ക് ചണ്ഡാളനോടുള്ള സ്നേഹം കണ്ടിട്ട്)
5. "ഈ ഗംഗാജലത്തിലും പുറത്തെ ചെളിക്കുണ്ടിലും നിഴലിക്കുന്നത് ഒരേ സൂര്യനാണല്ലോ"- ഇത് അർഥമാക്കുന്നതെന്ത്?
   (പ്രപഞ്ചതേജസ്സ് എല്ലാവരിലും ഒരുപോലെയാണ്, ഓരോ മനുഷ്യനും വ്യത്യസ്തനാണ്, ചെളിക്കുണ്ട് ഹീനവും ഗംഗ പവിത്രവുമാണ്.)

**പ്രവർത്തനം 2        (എ) വാങ്മയചിത്രം**

"വലതു കൈയിൽ സന്തത സഹചാരിയായ മുളവടി - ഇടതു കൈയിൽ ഒരു കൊച്ചു ഭാണ്ഡം, ഉടുവസ്ത്രമായി സുപരിചിതമായ ഒറ്റമുണ്ട്, ചുണ്ടിൽ നനുത്ത പുഞ്ചിരി, കണ്ണുകളിൽ ദൃഢനിശ്ചയത്തിന്റെ ജ്വലനം"

അജയ്യതയുടെ പ്രതീകം എന്ന പാഠഭാഗത്തിലെ ഗാന്ധിജിയുടെ ഒരു വാങ്മയചിത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇതുപോലെ മുത്തച്ഛന്റെയോ മുത്തശ്ശിയുടെയോ ഒരു വാങ്മയചിത്രം തയ്യാറാക്കുക.

**ബി.** ലോലം എന്നതിന് പകരം പദം ബ്രാക്കറ്റിൽ നിന്ന് കണ്ടെത്തി എഴുതുക.
(കടുപ്പം, മൃദു, ചൂട്)

**പ്രവർത്തനം 3 - (എ)   അഭിപ്രായക്കുറിപ്പ്**

**കണ്ണിലെ സൂര്യൻ**

ഉച്ചയാവുന്നു നേരം പരുക്കൻ പാത-
വക്ക് തിരക്കു പിടിച്ചുപോം യാത്രികർ
പെട്ടെന്നു പൊന്തും തകരവാദ്യം കാറ്റു-
പോലും നിലയ്ക്കുന്നു കാൺക മുമ്പിൽ ഉരുൾ
ചക്രം അതിൻമീതെ ബാലൻസു തെറ്റുന്ന-
ലോഹപ്പലക, തല കിഴുക്കാം തൂക്കു-
നില്ക്കുന്ന രണ്ടു പൈതങ്ങൾ നെറുകയിൽ
കണ്ണീർ നിറച്ച മൺകുടവുമായൊരു കാലിൽ
എത്ര വേഗത്തിൽ തിരിയുമ്പഴുമമ്മ
പുഞ്ചിരിയ്ക്കുന്നു- വെയിലത്തിളയമോൻ
എഴുന്നേറ്റു നിൽക്കാൻ പഠിയ്ക്കയാണപ്പുറം
കയ്യടിക്കുമ്പോഴും കണ്ടില്ല കാണികൾ,
കരയുന്ന കുഞ്ഞിന്റെ കണ്ണിലെ സൂര്യനെ!

***ഋഷികേശൻ പി.ബി.***

കവിത വായിച്ചില്ലേ? ഇത്തരം കാഴ്ചകൾ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

'തള്ളവിരലില്ലാത്ത ഗ്രാമം' എന്ന പാഠഭാഗം നമ്മൾ പഠിച്ചതല്ലേ? സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന, പീഡനങ്ങൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട ഒരു വലിയ സമൂഹത്തെയാണല്ലോ നാമവിടെ കാണുന്നത്.

കവിതയിലെ ആശയവും പാഠഭാഗത്തെ ആശയവും പരിഗണിച്ച് അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

**ബി.** മാതൃത്വത്തിന്റെ കവയിത്രി എന്ന് വിളിക്കുന്നത് ആരെയാണ്?

(സുമംഗല, ബാലാമണിയമ്മ, സിസ്റ്റർ മേരി ബനിഞ്ജ)

**പ്രവർത്തനം 4 (എ) ആസ്വാദനക്കുറിപ്പ്**

അച്ഛൻ മൊട്ടക്കുന്ന് വിലയ്ക്ക് മേടിച്ചത്, ഉതിർന്ന് കിടന്ന ചരൽക്കല്ല് നീക്കി കുന്ന് കിളപ്പിച്ചത്, തൈക്കുണ്ടുകൾ കുഴിച്ചത്.................................... മുറ്റത്തെ തെങ്ങിൽ നിറഞ്ഞു മുറ്റിയ കുലകൾ നോക്കി, മെല്ലെ മിഴികൾ താഴ്ത്തി, പതുക്കെ ചുമര് പിടിച്ച് പിടിച്ച് അകത്തെ മുറിയിലേക്ക് കയറിപ്പോയത്... അക്കമ്മ എന്ന പാഠഭാഗം ഓർമ്മയില്ലേ? തന്നിരിക്കുന്ന കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**കർഷകൻ**

ഗ്രീഷ്മത്തിലെല്ലാം കരിഞ്ഞു പോകുമ്പോഴും
ഗ്രാമം സമൃദ്ധമായ് നിന്നിടുന്നു!
തെങ്ങും കവുങ്ങും മുളകു കൊടികളാൽ
തൊങ്ങലണിയിച്ച പാഴ്മരവും
ചേനയും ചീരയും വാഴയും മത്തയും
ചേമ്പും കരിമ്പും പടവലവും
പ്ലാവും പനയും പുളിമരവും കട-
പ്ലാവുമിലവും പറങ്കിമാവും
മാവും മുരിങ്ങയും മറ്റു മരങ്ങളും
മുറ്റിത്തഴയ്ക്കുന്ന ഭൂപ്രദേശം!
ദൂരത്തു നില്ക്കിലും കാണാമഴകുറ്റ
പച്ചത്തഴപ്പും പനന്തലപ്പും!
കർഷകനാണീയഴകു തുളുമ്പുന്ന
പച്ചത്തഴപ്പിന്റെ നെയ്ത്തുകാരൻ!
തൻ മെയ്‌വിയർപ്പിനാൽ ജീവനം നൽകിയും
പ്രത്യാശകൾ കൊണ്ടുയിർ കൊടുത്തും
വറ്റാതെ വാടിക്കരിയാതെ നിർത്തുന്നു
കർഷകനെന്നുമീ ഗ്രാമഭംഗി

*പി.മധുസൂദനൻ*

ബി. "സാർഥകം" എന്ന പദം കൊണ്ട് അർഥമാക്കുന്നത്.

(അർഥമില്ലാത്തത്, അർഥത്തോട് കൂടിയത്, മറ്റൊരർഥമുള്ളത്)

**പ്രവർത്തനം 5 വിശകലനക്കുറിപ്പ്**

എന്താ ഉണ്ണീ ഷർട്ട് മുഴുവൻ
ചളിയാക്കി കൊണ്ടു വന്നിരിക്ക്യാ?

മുറ്റത്തെ ചളി മുഴുവൻ
വീടിനകത്താക്കുമല്ലോ ഈ ചെക്കൻ

പനി പിടിക്കും മോളേ
മഴയത്ത് നിന്ന് കേറി വാ.....

മുതിർന്നവർ കുട്ടികളോട് പലപ്പോഴും പറയുന്ന കാര്യങ്ങളാണല്ലൊ ഇവ. ചുവടെ തന്നിരിക്കുന്ന വരികൾ ശ്രദ്ധിക്കൂ.

"ഇച്ഛയാ നമ്മൾക്കു കൂത്താടാനല്ലെങ്കി-
ലിച്ചളിയുണ്ടായതെന്തിനാവോ?"

(ബാലലീല)

വരികളും മുകളിലെ പരാമർശങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

**പ്രവർത്തനം 6 പ്രതികരണക്കുറിപ്പ്**

ഒരു ചെടിയും നട്ടുവളർത്തീ-
ലോണപ്പൂവെങ്ങനെ നുള്ളാൻ?
ഒരു വയലും പൂട്ടി വിതച്ചീ -
ലോണച്ചോറെങ്ങനെയുണ്ണാൻ?

കവി നമ്മുടെ നാടിന്റെ അവസ്ഥയെ ഇങ്ങനെയാണ് വരച്ച് കാണിക്കുന്നത്.

നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കൂ.